## കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം | വില 2 രൂപ |
| 2. | വനിതകളും ഉപഭോക്തൃ സംരക്ഷണനിയമവും | വില 2 രൂപ |
| 3. | ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? | വില 5 രൂപ |
| 4 | പോലീസും ജനങ്ങളും | വില 5 രൂപ |
| 5. | അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം | വില 2 രൂപ |
| 6. | മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? | വില 2 രൂപ |
| 7. | തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ | വില 5 രൂപ |
| 8. | ബില്ലും ഉപഭോക്താവും | വില 5 രൂപ |
| 9. | ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ | വില 8 രൂപ |
| 10. | എന്തിനെല്ലാം പരാതി സമർപ്പിക്കാം? | വില 2 രൂപ |
| 11. | ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ | വില 2 രൂപ |
| 12. | ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും | വില 2 രൂപ |
| 13. | ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും | വില 2 രൂപ |
| 14. | ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) | വില 3 രൂപ |
| 15. | അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? | വില 5 രൂപ |
| 16. | ലഹരിയും ഉപഭോക്താവും | വില 2 രൂപ |
| 17. | കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും | വില3 രൂപ |
| 18. | വൈദ്യുതിയും ഉപഭോക്താവും | വില 5 രൂപ |
| 19. | കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും | വില 5 രൂപ |
| 20. | ഉണരൂ! സമയമായി | വില 1 രൂപ |
| 21. | ഇതാ നമ്മുടെ രാജാക്കന്മാർ | വില 1 രൂപ |
| 22. | കർഫ്യൂ (നിയമം കുട്ടികൾക്ക്) | വില 3 രൂപ |
| 23. | അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ | വില 5 രൂപ |
| 24. | എയ്ഡ്സ് | വില 5 രൂപ |
| 25. | പഞ്ചായത്തീരാജും-ഉപഭോക്താവും | വില 5 രൂപ |
| 26. | ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) | വില 100 രൂപ |
| 27. | ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും | വില 10 രൂപ |
| 28. | സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും | വില 5 രൂപ |
| 29. | പൊതു താല്പര്യ വ്യവഹാരം | വില 15 രൂപ |
| 30. | സമ്മാനം [ഉപഭോക്തൃസംരക്ഷണപ്രവർത്തകർക്കുള്ളഗൈഡ്] | 60 രൂപ |
| 31. | മാർച്ച് 15 | വില 5 രൂപ |
| 32. | റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം? | വില 2 രൂപ |
| 33. | ഡിസംബർ 26 | വില 5 രൂപ |
| 34. | മനുഷ്യാവകാശം | വില 5 രൂപ |
| 35. | തയ്യൽ തൊഴിലാളികളും ഉപഭോക്തൃസംരക്ഷണനിയമവും | വില5രൂപ |
| 36. | അപകടം | വില 3 രൂപ. |
| 37. | ഭീകരൻ | വില 3 രൂപ |
| 38. | മോചനം | വില 2 രൂപ |

പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്:

കൺസ്യൂമർ ന്യൂസ് ബുക്ക്ക്ലബ്ബ്, എടൂർ പായം 670704

# സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും

പി. ഡി. മാത്യു
പി. എം. ബക്ഷി

ഒരു കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണം
*ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി പ്രസിദ്ധീകരിക്കുന്നു.*
**കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്-എടൂർ**
**പായം 670704 ഫോൺ 0490-491475**

**വില 5 രൂപ.**

**STREEKALUM INDIAN BHARANAGATANAYUM**
(Malayalam)

Authors

**P. D. Mathew.**

**P. M. Bhakshi**

Translation

NOCER-INDIA
Payam-670704

Copies 1000

PRICE: Rs. 5/-

*Printed at*
*SAMMANAM PRINTERS & PUBLISHERS*
*Edoor Payam 670701*

Published and Distributed by
CONSUMER NEWS BOOK CLUB Payam P. O.
pin 670704

*Published on*
5-3-98

## അവതാരിക


1950-ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. ഇത് ഭരണഘടനാ രൂപീകൃത സഭയുടെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ നീതി എല്ലാ വിഭാഗത്തിലും പെടുന്ന പൗരൻമാർക്ക് ഉറപ്പുവരുത്തുവാനുള്ള അവരുടെ തീരുമാനങ്ങൾ വിളംബരം ചെയ്യുന്നു. ഇത്തരുണത്തിൽ ഭരണഘടനയിൽ സ്ത്രീകളുടെ ഉന്നമനത്തിനും സംരക്ഷണത്തിനുമായി നിയമങ്ങൾ നിലവിലുണ്ട്.

ഭരണഘടന പ്രകാരം സാമൂഹിക നീതി രണ്ടു വിധത്തിൽ ഉറപ്പു വരുത്തിയിരിക്കുന്നു. ഒന്നാമതായി സ്ത്രീകൾക്കും പുരുഷൻമാർക്കുമായി ചില നിയമങ്ങൾ ഇനം തിരിച്ചിരിക്കുന്നു. ഇവ മൗലികാവകാശങ്ങൾ എന്നറിയപ്പെടുന്നു. ഇവ കോടതികളുടെ ഉത്തരവാദിത്വത്തിൽ ഓരോ പൗരനും ഉറപ്പുവരുത്തുകയും ചെയ്തിരിക്കുന്നു. രണ്ടാമതായി ഭരണഘടന സംസ്ഥാനങ്ങളെ ചില പ്രത്യേക നിയമങ്ങൾ (directive principles) പ്രാബല്യത്തിൽ കൊണ്ടുവരുവാൻ ചുമതലയേൽപ്പിച്ചിരിയ്ക്കുന്നു. ഇവ ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേയിററ് പോളിസി (directive principles of state policy) എന്നറിയപ്പെടുന്നു. ഇവ നിർബന്ധമായും നടപ്പിൽ വരുത്താൻ സാധ്യമല്ല. പക്ഷെ ഇവയും മൗലികമെന്ന് രാഷ്ട്രത്തിന്റെ ഭരണ താൽപര്യപ്രകാരം വ്യവസ്ഥ ചെയ്യുന്നു ആയതിനാൽ ഇവയ്ക്ക് മാനുഷികവും രാഷ്ട്രീയവുമായ മൂല്യമുണ്ട്.

നിത്യ ജീവിതത്തിൽ മേൽപറഞ്ഞവയിൽ മൗലികാവകാശങ്ങൾക്കാണ് പ്രസക്തിയേറെ. മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടൊരു വ്യക്തിയ്ക്ക് അതിന്റെ സാധൂകരണത്തിനായി കോടതിയെ സമീപിക്കാവുന്നതാണ്. തീർച്ചയായും അവകാശങ്ങൾ പുരുഷൻമാർക്കെന്നതുപോലെ സ്ത്രീകൾക്കും ബാധകമാണ്. എങ്കിലും മൗലികാവകാശങ്ങളിലുൾപ്പെടുന്നതും ഭരണഘടനെ ഗ്യാരണ്ടി ചെയ്യുന്നതുമായ സമത്വം സ്ത്രീകളുടെ കാര്യത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

ചില പ്രത്യേക ഭാഗങ്ങൾ ഇവിടെ സ്ത്രീകളുടെ അറിവിലേക്കായി ചോദ്യോത്തര രൂപേണ നല്കുന്നു.

പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,



ഇന്ത്യൻ ഭരണഘടന സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ അവകാശവും അവസരവുമാണ് നമ്മുടെ രാജ്യത്ത് നൽകുന്നത്. എന്നാൽ രാജ്യത്ത് എല്ലാ സ്ഥലങ്ങളിലും സ്ത്രീകളുടെ അവസ്ഥ പരിതാപകരമാണെന്ന് നമ്മുടെ ഭരണഘടന തയ്യാറാക്കിയവർ മനസ്സിലാക്കി. ആയതിനാൽ സ്ത്രീകളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നമ്മുടെ ഭരണഘടനയിൽ തന്നെ ചില വകുപ്പുകൾ കൂട്ടിച്ചേർത്തു. എന്നിട്ടുപോലും നമ്മുടെ രാജ്യത്ത് വിവേചനം തുടർന്നു വന്നു.

ഭരണഘടനയിൽ സ്ത്രീകളുടെ വിവേചനം അവസാനിപ്പിക്കുന്നതിനും,സ്ത്രീയുടെമാഹാത്മ്യംഉയർത്തിക്കാട്ടുന്നതിനുമായി എന്തൊക്കെയാണുള്ളത്. ഓരോ ഇന്ത്യൻ പൗരനും അറിയണം. ഇത് ഓരോ ഇന്ത്യൻ പൗരന്റേയും കടമയാണ്. അവകാശമാണ്. ഈ വിവരങ്ങളാണ് സ്ത്രീകളും ഇന്ത്യൻഭരണഘടനയും എന്ന പുസ്തകത്തിലുള്ളത്,

സ്ത്രീകളുടെ ഉന്നമനത്തിനായി വിവേചനം അവസാനിപ്പിക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് നിയമം ഉണ്ടാക്കാവുന്നതാണ് എന്നാൽ സ്വാതന്ത്ര്യം ലഭിച്ച് അമ്പതു വർഷമായിട്ടും നമ്മുടെ പാർലമെന്റിലെ സ്ത്രീകളുടെ അംഗസംഖ്യ അമ്പതിൽ താഴെമാത്രം. സംസ്ഥാനങ്ങളിലെ അവസ്ഥയും തുലോം ഭിന്നമല്ല ഗ്രാമപഞ്ചായത്തിലെയും, ജില്ലാപഞ്ചായത്തിലെയുംപോലെ സംസ്ഥാന നിയമസഭകളിലും, പാർലമെന്റിലേക്കും സ്ത്രീ പ്രാതിനിത്യം ഉറപ്പാക്കുന്ന സംവരണം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ സ്ത്രീകൾ തങ്ങളുടെ കടമകൾ പാലിക്കുന്നതോടൊപ്പം അവകാശങ്ങളെക്കുറിച്ച് അറിയുവാനും പ്രതികരിക്കുവാനുമായി ഈ പുസ്തകം സമർപ്പിക്കുന്നു.

എം. വി. മാത്യു
പ്രസിഡന്റ് നോസർ-ഇന്ത്യ

5.3.98



## പ്രാരംഭം

### 1. ഇന്ത്യൻ ഭരണഘടനയുടെ സ്ത്രീകളോടുള്ള പൊതുവായ സമീപനം ഏതുവിധമാണ്?

A) ഒന്നാമതായി, ഭരണഘടന, സ്ത്രീകളും, പുരുഷൻമാരും ഒരേവിധത്തിൽ കാണപ്പെടണമെന്ന് അനുശാസിക്കുന്നു. രണ്ടാമതായി ചിലയവസരത്തിൽ സ്ത്രീകൾ, രണ്ടാംതരക്കാരായി ഗണിക്കപ്പെടുന്നുവെന്നു രേഖപ്പെടുത്തുന്നു. ഇത്തരം അസമത്വങ്ങൾ നീക്കം ചെയ്യുന്നതിനും യഥാർത്ഥമായ സമത്വം ലഭ്യമാക്കുന്നതിനും ഭരണഘടന സംസ്ഥാനങ്ങളെ സ്ത്രീകളുടെ ഉദ്ധാരണത്തിനായി പ്രത്യേക വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് അധികാരപ്പെടുത്തുന്നു. മൂന്നാമതായി സംസ്ഥാനങ്ങൾ പിന്നോക്ക വിഭാഗങ്ങളുടെയും സ്ത്രീകളുടെയും ഉന്നമനത്തിനായി നിലകൊള്ളുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുന്നു. നാലാമതായി സ്ത്രീകൾക്കുനേരേയുള്ള ചൂഷണം അവസാനിപ്പിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനങ്ങളുടെ ഭാഗത്തു നിന്നുമുണ്ടാവണമെന്നും പ്രത്യാശവെയ്ക്കുന്നു. ഇവയിൽ ആദ്യത്തെ രണ്ടു തലങ്ങളും മൗലികാവകാശങ്ങളിലും മൂന്നും നാലും ഭാഗങ്ങൾ സംസ്ഥാന ഗവൺമെന്റുകൾ മനസ്സിൽ കരുതി പ്രവർത്തിക്കേണ്ട നിർദ്ദേശങ്ങളുമാവുന്നു.

## സമത്വ സംബന്ധിയായ ഭരണഘടനാ വ്യവസ്ഥകൾ

### 2. ഭരണഘടനപ്രകാരം സ്ത്രീകൾക്കും പുരുഷൻമാർക്കും ഏതു വിധമാണ് സമത്വം ലഭ്യമാക്കിയിരിക്കുന്നത്?

ഭാഗം 14 പ്രകാരം സംസ്ഥാനങ്ങൾ യാതൊരു വ്യക്തിയുടേയും സമത്വം നിയമത്തിനുമുൻപിൽ നിരാകരിയ്ക്കുകയില്ലായെന്നും ഏവർക്കും സമത്വ സംരക്ഷണം ഇന്ത്യയിൽ നല്കണമെന്നും അനുശാസിക്കുന്നു.

### 3. സ്ത്രീകളോടുള്ള വിവേചനം ഏതുവിധമാണ് ഭരണഘടന തടയുന്നത്?

ഭരണഘടനയുടെ ആർട്ടിക്കിൾ 15(1)പ്രകാരം സംസ്ഥാനങ്ങൾ ഒരു വ്യക്തിയേയും അവരുടെ മത, വർഗ്ഗ, ജാതി

ലിംഗ ജനനസ്ഥലത്തിനനുസരണമായി വിവേചനം ഏർപ്പെടുത്തരുതെന്ന് വ്യക്തമാക്കുന്നു. ആർട്ടിക്കിൾ 16(2) ഉം പൊതുവായി വിവേചനം നിരോധിയ്ക്കുകയും ലിംഗപരമായി ഓഫീസുകളിലും മറ്റ് ജോലിസ്ഥലങ്ങളിലെയും വിവേചനം ശക്തമായ തോതിൽ അവസാനിപ്പിയ്ക്കുന്നു.

**4. സ്ത്രീകൾക്കനുകൂലമായി പരിഹാര വ്യവസ്ഥകൾ സ്വീകരിയ്ക്കാൻ ഇന്ത്യൻ സംസ്ഥാനങ്ങൾക്കനുവാദമുണ്ടോ?**

ഉണ്ട്, ഭരണഘടന ആർട്ടിക്കിൾ 15 (3), സംസ്ഥാനങ്ങളെ സ്ത്രീകളുടെ അഭ്യുന്നതിക്കായി പ്രത്യേക വ്യവസ്ഥകൾ സ്വീകരിക്കാൻ ഭരമേൽപിക്കുന്നു.

**5. തുല്യവേതന കാര്യത്തിൽ സംസ്ഥാനങ്ങളുടെ ഭാഗധേയമെന്താണ്?**

ഭരണഘടന A 39(b) ഒരേ ജോലിയിലേർപ്പെട്ടിരിക്കുന്ന സ്ത്രീക്കും പുരുഷനും ഒരേ വേതനം നൽകാൻ സംസ്ഥാനങ്ങളെ ഉത്ബോധിപ്പിക്കുന്നു. ഇത് അവയുടെ പ്രത്യക്ഷ നയമാണ്.

**6. ജീവിത സാഹചര്യങ്ങളുടെ കാര്യത്തിൽ ഭരണഘടന സംസ്ഥാനങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന കടമയേത്?**

ഭരണഘടന A 39(a), സംസ്ഥാനങ്ങൾ സ്വന്തമായി ഇവയുടെ നയങ്ങൾ വ്യക്തികളെ സമത്വത്തോടെ കാണുന്നതിനും വ്യക്തമായ ജീവിത വീക്ഷണം നല്കുന്നതിനും ഭരമേല്പിക്കുന്നു. ഇതും സംസ്ഥാനത്തിന്റെ ഡയറക്ടീവ് പ്രിൻസിപ്പിൾസിൽപ്പെടുന്നു.

**7. ചൂഷണം അവസാനിപ്പിയ്ക്കുന്നതിൽ എന്ത് ജോലിയാണ് ഭരണഘടന സംസ്ഥാനങ്ങൾക്കായി നല്കിയിരിക്കുന്നത്?**

ഭരണഘടന A 39(c) സംസ്ഥാനങ്ങൾ പുരുഷന്മാരുടേയും സ്ത്രീകളുടെയും ആരോഗ്യത്തെയും ശക്തിയെയും കുറിച്ച് ബോധവാന്മാരായിരിക്കണമെന്നും കടുത്ത സാമ്പത്തിക പ്രശ്നങ്ങളാൽ സ്ത്രീകളും, കുട്ടികളും അവരുടെ ആരോഗ്യവും ശക്തിയും മറന്ന് ജോലിയിൽ പ്രവേശിച്ച് അല



യാൻ ഇടയാവരുതെന്നും വിവക്ഷിയ്ക്കുന്നു. ഇവയും സംസ്ഥാനങ്ങളുടെ പ്രത്യക്ഷനയമാണ്.

**8. ഭരണഘടനാപരമായി സ്ത്രീകളുടെ അന്തസ്സ് എത്തരത്തിൽ സംരക്ഷിക്കുന്നു?**

ഭരണഘടന A15A(c) സ്ത്രീകളുടെ അന്തസ്സ് കാത്ത് സംരക്ഷിക്കുകയെന്നത് ഓരോ പൗരന്റെയും കടമയായി വിവക്ഷിച്ചിരിക്കുന്നു.

## സ്ത്രീ സംഘടനകൾ

**9. സംതൃപ്തമല്ലാത്ത വിധികൾക്കെതിരെ സ്ത്രീ സംഘടനകൾക്ക് കോടതിയെ സമീപിക്കാമോ?**

കോടതിയുടെ അനുവാദപ്രകാരം സമീപിക്കാം.

ഉദാ- സുധാഗോയൽകേസിൽ, സുധാഗോയൽ സ്ത്രീധനത്തെച്ചൊല്ലി അവരുടെ ഭർത്താവ് ലക്ഷ്മണൻ, ഭർതൃമാതാവ് ശകുന്തളാദേവി, ഭർതൃസഹോദരൻ സുഭാഷ് എന്നിവർ ചേർന്ന് പൊള്ളലേൽപ്പിച്ചു. സെഷൻ ജഡ്ജ് അവരെ കുറ്റക്കാരെന്ന് കണ്ട് മരണശിക്ഷ വിധിച്ചു. പക്ഷെ ഹൈക്കോടതി അവരെ കുറ്റവിമുക്തരാക്കി വിട്ടയച്ചു. പരാതിക്കാരനും (സുധയുടെ സഹോദരൻ) മറ്റ് 14 സ്ത്രീ സംഘടനകളും അപ്പീൽനൽകാനുള്ള പ്രത്യേക അനുവാദപ്രകാരം സുപ്രീം കോടതിയെ സമീപിച്ചു. സുപ്രീം കോടതി ഇതിൻപ്രകാരം ഭർത്താവിനെ കുറ്റക്കാരനെന്ന് വിധിയ്ക്കുകയുമുണ്ടായി.

**10. അപ്പീൽ നിലനിൽക്കുമ്പോൾ (Pending) കോടതി വിധിയിൻമേൽ അഭിപ്രായങ്ങൾ ആകാമോ?**

A) പാടില്ല. ചില സ്ത്രീ സംഘടനകൾ സുധാഗോയലിന്റെ കേസിൽ ഹൈക്കോടതി വിധിയെ വിമർശിച്ചു. കോടതിമുൻപിൽ വിധിക്കെതിരെ പ്ലാക്കാർഡുകൾ സ്ഥാപിച്ചത് ഹൈക്കോടതിക്ക് ന്യായീകരിക്കത്തക്കതായിരുന്നില്ല.

## ജോലിയിലുള്ള സമത്വം

**11. പൊതുമരാമത്ത് വകുപ്പുകളിൽ സ്ത്രീത്തൊഴിലാളികൾക്ക് സംസ്ഥാനങ്ങൾ സമത്വം ലഭ്യമാക്കിയിട്ടുണ്ടോ?**

ഉണ്ട്. ഭരണഘടനയുടെ പ്രത്യേക നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പൊതുവായുള്ള അസമത്വങ്ങളും, പൊതുമരാമത്ത് വകുപ്പുകളിലും ഓഫീസുകളിലുമുള്ള ജോലിക്കാര്യത്തിലും അസമത്വം നിർമ്മാർജ്ജനം ചെയ്തിരിയ്ക്കുന്നു.

**12. ഭരണഘടനാപരമായ സമത്വം പൊതുമേഖലാ സഹകരണ സംഘങ്ങൾക്ക് ബാധകമാണോ?**

ബാധകമാണ്. ഇത്തരം വ്യവസ്ഥകൾ ഗവൺമെൻറ് മന്ത്രിസഭാകാര്യാലയങ്ങൾ മുതലായവക്ക് മാത്രമല്ല മറിച്ച് പൊതുമേഖലാ സംരംഭങ്ങൾക്കും ഒരുപോലെ ബാധകമാണ്.

ഉദ:- എയർ ഇന്ത്യ(പൊതുമേഖലാ സ്ഥാപനം) എയർ ഹോസ്റ്റസിനും മററ് ജോലിക്കാർക്കുമായി ചില സേവന വ്യവസ്ഥകൾ രൂപപ്പെടുത്തി ഇതിൻ പ്രകാരം ഒരു എയർ ഹോസ്റ്റസിൻെറ ജോലി 35 വയസ്സുവരെയാവുന്നു. പക്ഷെ തിരഞ്ഞെടുത്തതിനുശേഷം 4 വർഷത്തിനുള്ളിൽ വിവാഹിതയായാലോ അല്ലെങ്കിൽ അവരുടെ ആദ്യ ഗർഭധാരണത്താലോ ജോലി നഷ്ടപ്പെടുത്തിയിരുന്നു. സുപ്രീം കോടതി ഈ നടപടിയെ നിർവീര്യമാക്കുകയും, ഇത് കാര്യരഹിതവും സ്ത്രീകൾക്ക് നേരെയുള്ള പ്രത്യക്ഷ വിവേചനമാണെന്ന് ആരോപിക്കുകയും ചെയ്തു, കോടതി അവരുടെ കാലാവധി അതായത് ആദ്യവിവാഹത്തോടെ അവസാനിപ്പിക്കണമെന്ന് വ്യവസ്ഥയുയർത്തി. ഇപ്പോൾനിലവിലുള്ള വ്യവസ്ഥകളും മാററങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു.

**13. പാർലിമെൻേറാ ഗവൺമെൻേറാ. സ്ത്രീകളുടെ ജോലിയിൽ വിവേചനമേർപ്പെടുത്തിയാൽഅവ അംഗീകരിക്കപ്പെടുമോ?**

ഇല്ല. മൗലീകാവകാശങ്ങൾക്കെതിരായ നിയമങ്ങൾ നിലവിൽ വന്നാൽ അവ സ്വീകാര്യമായിരിയ്ക്കില്ല സമത്വത്തിനുള്ള അവകാശം നമ്മുടെ മൗലീകാവകാശമാണ്.

**14. സമത്വ സ്വാതന്ത്ര്യം വ്യക്തി നിയമങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ?**

a) ഉണ്ട്. ഡൈവോഴ്സ് ആക്ട് (Divorce Act) ൻെറ ചില വ്യവസ്ഥകൾ സുപ്രീം കോടതിയിൽ ചർച്ചാവിഷയമായിട്ടുണ്ട്



b) മുസ്ലീം വ്യക്തിനിയമങ്ങൾ സ്ത്രീസ്വാതന്ത്ര്യത്തെ അടിച്ചമർത്തപ്പെടുന്നതായി വിമർശിക്കപ്പെടുന്നു.

c) ഭാഗം 6(1) വ്യവസ്ഥകളും 19(1)ഹിന്ദുന്യൂനപക്ഷരക്ഷാകർതൃ നിയമം 1956 പ്രകാരം ഒരു കുട്ടിയുടെ നിയമാനുസൃത രക്ഷിതാവ് അച്ഛനും ശേഷം അമ്മയും എന്നത് സുപ്രീം കോടതിയിൽ ചർച്ചകൾക്ക് വിഷയമായിട്ടുണ്ട്.

d) നിലവിൽ, തിരുവിതാംകൂർ ക്രിസ്ത്യൻ പിൻതുടർച്ചാവകാശനിയമം സ്ത്രീ സമത്വത്തെഅടിച്ചമർത്തുന്നതായി കരുതപ്പെടുന്നു. എന്നിരുന്നാലും ഇന്ന് പരിഗണിക്കേണ്ട ആവശ്യമില്ല.കാരണം സുപ്രീം കോടതി ഈ നിയമം അസാധുവായി പ്രഖ്യാപിക്കുകയും ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമം 1925 പ്രാബല്യത്തിൽ വരികയും ചെയ്തിരിയ്ക്കുന്നു.

**15. വൈവാഹിക നിയമങ്ങൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതിൻെറ കാലത്തെക്കുറിച്ച് എന്തെങ്കിലും തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?**

ഹിന്ദു വിവാഹനിയമം പുനഃസംവിധാനം ചെയ്യേണ്ട കാലാവധി ആന്ധ്രാ ഹൈക്കോടതി നിരാകരിച്ചിരിക്കുന്നു. എന്നിരുന്നാലും സുപ്രീംകോടതി ഈ കാഴ്ചപ്പാടിനെ മറികടന്ന് ഭരണഘടനാപരമല്ലാത്തതായി ഇവയിൽ യാതൊന്നുമില്ലായെന്ന അഭിപ്രായപ്പെടുന്നു. കാരണം ഇവ സ്ത്രീകളെയും പുരുഷന്മാരേയും സംബന്ധിക്കുന്നവയാണ്.

**16. ജോലിക്കാരിയായ ഭാര്യക്ക് ഒരു വസതി തിരഞ്ഞെടുക്കുവാൻ അവകാശമുണ്ടോ?**

ഈ കാര്യത്തിൽ അഭിപ്രായ ഭിന്നതകൾ നിലനിൽക്കുന്നുവെങ്കിലും ഒരുഭാര്യയ്ക്ക് ഇത്തരം അവകാശമുണ്ടെന്ന് വിവക്ഷിക്കുന്നു.

ഉദാ: ഭർത്താവ് ഒരു ദിക്കിൽ ജോലി നോക്കുന്നു ഭാര്യ മറെറാരു ദിക്കിലും. ഭാര്യ അവരുടെ സേവനം നഷ്ടപ്പെടുത്താൻ ഇഷ്ടപ്പെടുന്നില്ല. ഭർത്താവ് ഹിന്ദുവിവാഹ നിയമ പ്രകാരം ഭാര്യ അയാളോടൊത്ത് ഒരിടത്ത് ജീവിക്കണമെന്ന് പരാതിപ്പെട്ടു.ഭാര്യ ഇത് നിരസിക്കുകയും ഡെൽഹി ഹൈക്കോടതി ഭർത്താവിൻെറ പരാതി തള്ളിക്കളയുകയും ചെയ്തു, കാരണം നിയമത്തിൽഭാര്യ ഏത് ഗൃഹത്തിൽ വസിക്ക

ണമെന്നതിന് വ്യക്തമായ തീർപ്പുകളില്ല. ആർട്ടിക്കിൾ 14 പ്രകാരം ഭാര്യയ്ക്കും ഭർത്താവിനും സമത്വം പ്രധാനം ചെയ്തിരിക്കുന്നു.

**17. വിവേചനസേവനത്തിൽ ഏർപ്പെട്ടിരിയ്ക്കുന്ന സ്ത്രീ അവിവാഹിതയായി നിലകൊള്ളണമെന്ന് വ്യവസ്ഥയുണ്ടോ?**

ഇല്ല. വിവാഹിതയായ ഒരു സ്ത്രീയെ ജോലിയിൽ പ്രവേശിപ്പിക്കാതിരിയ്ക്കുന്നതോ മറിച്ച് വിവാഹിതയായശേഷം ജോലിയിൽ നിന്ന് പിരിച്ച് വിടുന്നതോ നിയമലംഘനമാണെന്ന് സുപ്രീം കോടതി പ്രഖ്യാപിക്കുന്നു. ഇത് ഇന്ത്യൻ സർവ്വീസിലോ വിദേശസർവ്വീസിലോ ആയിരുന്നാലും ഒരുപോലെയെന്നും വ്യക്തമാക്കുന്നു. സ്ത്രീകൾക്ക് വിവേചനമേർപ്പെടുത്തുന്ന നിയമം രൂപീകരിക്കുവാൻ ഗവണ്മെന്റിന് സാധ്യമല്ല

## തുല്യവേതനം

**18. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യവേതനം പ്രധാനം ചെയ്യുന്ന നിയമങ്ങളുണ്ടോ?**

ഉണ്ട്, സമത്വം പ്രധാനം ചെയ്യുന്ന ഭരണഘടനാവ്യവസ്ഥകളിലേക്ക് പാർലമെന്റ് 1976ൽ തുല്യവേതനനിയമം പാസാക്കി. നിയമത്തിന്റെ 4-ാം ഭാഗത്ത് ഒരേ തരത്തിലുള്ള ജോലികൾചെയ്യുന്ന വ്യക്തികൾക്ക്, സ്ത്രീപുരുഷവ്യത്യാസത്തിന്റെപേരിൽ വേതനം തരംതിരിക്കരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. ഭാഗം 5-ൽ വീണ്ടും തൊഴിലാളികളെ തിരഞ്ഞെടുക്കുമ്പോഴും ഒരേ ജോലിയിലേക്ക് തിരഞ്ഞെടുക്കാൻ സ്ത്രീകളെ അനർഹരാക്കരുതെന്നു പറയുന്നു.

ഈ വ്യവസ്ഥ മററ് ജോലികൾക്ക്, അതായത് സ്ത്രീ തൊഴിലാളികളെ ഏർപ്പെടുത്താൻ സാധിക്കാത്ത ജോലികൾക്ക് ബാധകമല്ല ഇത്തരം നിയമങ്ങൾ സംവരണ വിഭാഗങ്ങൾക്ക് അവരുടെ സംവരണത്തിൽ ബാധ്യതയാവില്ല.

**19. സ്ത്രീകൾക്കനുകൂലമായി പ്രത്യേക വ്യവസ്ഥകളുള്ള നിയമങ്ങളുണ്ടോ?**



ഉണ്ട്. മാത്രമല്ല കോടതി അവയുടെ കാലാവധിയും ആർട്ടിക്കിൾ 15(3) പ്രകാരം വർദ്ധിപ്പിച്ചിരിക്കുന്നു.

ഉദാ-

1) ഭാഗം 36 പ്രത്യേക വിവാഹ നിയമ പ്രകാരം ഭാര്യമാരുടെ ഗുണത്തിലേക്ക് മാത്രം ഭേദഗതികൾ അനുവദിക്കുന്നു.

2) വ്യഭിചാരകുററത്തിൽനിന്ന് സ്ത്രീകളെ വിമുക്തരാക്കിയിരിക്കുന്നു. ഈ ഒഴിവാക്കലിന്റെ കാലാവധിയും ദീർഘിപ്പിച്ചിരിക്കുന്നു.

3) നീതിന്യായ വ്യവസ്ഥയിൽ ഹാജരാക്കാനുള്ള കൽപനകൾ ഒരു സ്ത്രീക്കുനേരെ ഉപയോഗിയ്ക്കുവാൻ സാധ്യമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീകൾക്ക് സംവരണത്തിനുള്ള വ്യവസ്ഥകളും അംഗീകരിച്ചിട്ടുണ്ട്.

5) വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ അംഗീകരിച്ചിരിയ്ക്കുന്നു.

6) ഭാഗം 354 ഇന്ത്യൻ പീനൽകോഡ് പ്രകാരം സ്ത്രീകളോട് അപമര്യാദയായി പെരുമാറിയാൽ ശിക്ഷയേർപ്പെടുത്തിയിരിക്കുന്നു.

**20 വ്യഭിചാരക്കുററത്തെ സംബന്ധിച്ച നിയമം സംതൃപ്തമാണോ?**

ഇവിടെ രണ്ടു കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

a) ഇന്ത്യൻ പീനൽകോഡ് ഒരു വ്യക്തിയുടെ വിവാഹിതയായ മററൊരു സ്ത്രീയുമായുള്ള അവിഹിത ബന്ധത്തെ ശിക്ഷാർഹമായി കാണുന്നു. പക്ഷെ ഇവിടെയും സ്ത്രീ ശിക്ഷയിൽ നിന്നും വിമുക്തയാണ്. ഇവയുടെ കാലാവധിയുംഉയർത്തിയിട്ടുണ്ട്. കാരണം ഇത് സ്ത്രീകൾക്കൂലമായൊരു നിയമമാണ്

b) ഒരു വിവാഹിതനായ പുരുഷൻ ഒരു വിവാഹിതയായ സ്ത്രീയുമായി അവിഹിതബന്ധത്തിലേർപ്പെട്ടാൽ, അയാളുടെ ഭാര്യയ്ക്ക് പരാതിപ്പെടാൻ അവകാശമില്ല. പരാതി സംഭവത്തിൽ ഉൾപ്പെട്ട സ്ത്രീയുടെ ഭർത്താവിനുമാത്രമേ സമർപ്പിക്കുവാന് അവകാശമുള്ളു. ഇത് ഭരണഘടനാപരമായി ചോദ്യം ചെയ്യപ്പെടേണ്ടൊരുവസ്തുതയാണ്.

# വ്യക്തി സ്വാതന്ത്ര്യം

**21. ഭരണഘടനയ്ക്കനുസൃതമായി സ്ത്രീ സ്വാതന്ത്ര്യത്തെ പരാമർശിക്കുമ്പോൾ അവരുടെ വ്യക്തി സ്വാതന്ത്ര്യത്തിന് ഏത് വിധത്തിലെങ്കിലുമുള്ള പുരോഗതി അവകാശപ്പെടാനുണ്ടോ?**

ഭരണഘടന ആർട്ടിക്കിൾ 21-ൽ നിയമ പ്രകാരമല്ലാതെ ഒരു വ്യക്തിയുടെയും ജീവിതമോ, വ്യക്തി സ്വാതന്ത്ര്യമോ അപഹരിക്കപ്പെടുകയില്ലയെന്ന് വ്യവസ്ഥ ചെയ്യുന്നു.

സ്ത്രീകളെ ലോക്കപ്പിൽവയ്ക്കേണ്ടതിനെ ചൊല്ലിയുള്ള കേസുകൾ സുപ്രീം കോടതി മുമ്പാകെയെത്തി. ഈ കേസ് സുപ്രീം കോടതിയിൽ ലഭിച്ച ഒരു എഴുത്തു മുഖാന്തിരം ഉയർന്നു വന്നു. ഇതിൽ ബോംബെ പോലീസ് ലോക്കപ്പിൽ സ്ത്രീ കുററവാളികൾ അനുഭവിക്കേണ്ടി വന്ന യാതനകൾ വിവരിയ്ക്കുന്നു. ഇതിൻപ്രകാരം സുപ്രീം കോടതി സ്ത്രീ തടവുകാരെ എപ്രകാരം സംരക്ഷിക്കണമെന്ന് ചട്ടങ്ങൾ നല്കുകയുണ്ടായി. ഇതു പ്രകാരമുള്ള സുരക്ഷാ സന്നാഹങ്ങളിൽ ചിലവ താഴെ ചേർക്കുന്നു.

1) സ്ത്രീകൾക്കായി സുരക്ഷിതമായ സ്ഥലങ്ങൾ നിർണ്ണയിക്കണം.

2) സ്ത്രീ തടവുകാരെ വനിതാ പോലീസ് മുൻപാകെ മാത്രമേ ചോദ്യം ചെയ്യാൻ പാടുള്ളൂ.

3) അറസ്റ്റ് ചെയ്ത ഓരോ വ്യക്തിയേയും അതിനുള്ള കാരണങ്ങൾ ബോധിപ്പിക്കുകയും ജാമ്യാപേക്ഷയ്ക്കുള്ള അവസരമൊരുക്കുകയും ചെയ്യണം. തടവുകാരുടെ അവകാശങ്ങൾ ബോധിപ്പിക്കുന്ന വിവരങ്ങൾ (list) സ്റ്റേഷനുകളിൽ പരസ്യപ്പെടുത്തിയിരിക്കണം.

4) അറസ്റ്റ് ചെയ്തവിവരം വ്യക്തിയുടെ ഏററവും അടുത്ത നിയമകാര്യാലയങ്ങളെ അറിയിക്കുകയും തടവുകാരന് നിയമപരമായ സഹായങ്ങൾ അനുവദിക്കുകയും ചെയ്യണം.

5) സെഷൻ ജഡ്ജ് മുൻകൂർ വിവരം നൽകാതെ ലോക്കപ്പുകളിൽ അപ്രതീക്ഷിത സന്ദർശനങ്ങൾ നടത്തേണ്ടതാണ്.



6) അറസ്റ്റ് ചെയ്യുമ്പോൾ, പോലീസ് ആ വ്യക്തിയുടെ ബന്ധുവിനേയോ, സുഹൃത്തിനേയോ ഇക്കാര്യം അറിയിക്കേണ്ടതാണ്

7) മജിസ്ട്രേററ് ഹാജരാക്കപ്പെട്ട വ്യക്തിയ്ക്ക് പോലീസ് കസ്ററഡിയിൽ ആയിരുന്ന കാലയളവിൽ പീഡനം സഹിക്കേണ്ടി വന്നോ എന്ന് അറിയുകയും അയാളെ ക്രിമിനൽ നടപടികൾ ഭാഗം 54 പ്രകാരം അയാൾക്ക് വൈദ്യപരിശോധനയ്ക്ക് വിധേയനാകാനുള്ള അവകാശമുണ്ടെന്ന് ബോധിപ്പിക്കുകയും ചെയ്യുക. ഇത് പുരുഷനും സ്ത്രീക്കും ഒരു പോലെ ബാധകമാണ്.

# ഭാര്യയ്ക്ക് ഭർത്താവിൻെറ താമസസ്ഥലത്തുള്ള അവകാശം.

**22. ഭാര്യയ്ക്ക് ഭർത്താവിൻെറ വീട്ടിൽ ജീവിക്കുന്നതിലുള്ള അവകാശത്തിലേയ്ക്ക് ഭരണഘടനാപരമായ സാധ്യതകൾ നല്കിയിട്ടുണ്ടോ?**

ഈ ചോദ്യം ആന്ധ്രാ ഹൈക്കോടതിയ്ക്കു മുമ്പാകെ ഉയർന്നു വന്നിട്ടുള്ളതാണ്. ഒരു പൊതുമേഖലാ സഹകരണ സ്ഥാപനം ഭർത്താവിന് (ജോലിക്കാരനെന്ന നിലയ്ക്ക്) വാടക പ്രകാരം താമസസ്ഥലം അനുവദിച്ചു. ഇയാളും ഭാര്യയും ഇവിടെ ഒരുമിച്ച് താമസിയ്ക്കുകയായിരുന്നു. അൽപകാലങ്ങൾക്ക് ശേഷം ഭാര്യയ്ക്കും ഭർത്താവിനുമിടയിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയും, ഭർത്താവ് മററൊരിടത്തേക്ക് മാറി പാർക്കുകയും ചെയ്തു. ഭാര്യ കോടതി മുഖാന്തിരം ഭർത്താവിനെതിരെ ഒരു വിധി തരമാക്കി. അപ്പോൾ ഭർത്താവ് വാടകക്കെട്ടിടം ഒഴിവാക്കി. കമ്പനിയുടെ സമ്മർദ്ദ പ്രകാരം ഭാര്യക്ക് സംരക്ഷണാർത്ഥം കോടതിയെ സമീപിക്കേണ്ടിവന്നു. ജില്ലാ ജഡ്ജി ഒരു താൽക്കാലിക വിധിപ്രകാരം കമ്പനിയെ ഒഴിപ്പിക്കൽ നടപടിയിൽ നിന്നും വിലക്കി. ഹൈക്കോടതിയാകട്ടെ ഭർത്താവ് ഭാര്യക്കും, കുട്ടികൾക്കും പാർപ്പിടം ലഭ്യമാക്കാൻ ഉത്തരവാദിയാണെന്ന് വാദിച്ചു. ഇതിൻ പ്രകാരം കമ്പനി സംസ്ഥാനത്തിൻെറ ഒരു ഉപകരണം മാത്രമാണെന്നും അവയ്ക്ക് കുടുംബത്തെ പാർപ്പിട രഹിതരാക്കാൻ സാധ്യമല്ലെന്നും വ്യക്തമാക്കി. ഹൈക്കോടതി ഇതിൻെറ തീരുമാനങ്ങളെ ഭരണഘടന ഭാഗം 120 പ്രകാരം ഊർജ്ജിതപ്പെടുത്തി. ഇവിടെ ഭരണഘടന ജീവിതവും, വ്യക്

തി സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടണമെന്ന് വ്യക്തമാക്കുന്നു.

## പിൻതുടർച്ച

**23. ഹിന്ദു പിൻതുടർച്ചാ നിയമ പ്രകാരം ഒരു ഹിന്ദു ഭാര്യ മരിക്കുമ്പോൾ അവർക്ക് ഭർത്താവിൽ നിന്നോ അദ്ദേഹത്തിന്റെ അച്ഛനിൽ നിന്നോ ലഭിച്ച സ്വത്ത് അവരുടെ ഭർത്താവിന്റെ ബന്ധുക്കൾക്ക് (കുട്ടികളില്ലാത്തപക്ഷം( ലഭിക്കുമെന്ന് A 15 (2) പ്രകാരം പറയുന്നു. ഇത് സാധൂകരിക്കാമോ?**

A. ഇവയ്ക്ക് സാധൂകരണമുണ്ട്. അവ ഇന്നും നിലനിൽക്കുന്നു.

**24. വസതിയെ സംബന്ധിച്ച് സ്ത്രീകൾക്ക് എന്തെങ്കിലും വിവേചനം ഏർപ്പെടുത്തിയിട്ടുണ്ടോ?**

ഒരു ഹിന്ദു പുരുഷനോ, സ്ത്രീയോ ഹിന്ദു പിൻതുടർച്ചാവകാശ നിയമം ക്ലാസ്സ് (I) പ്രകാരം കാലശേഷം വസതി ബാക്കിയാവുകയും പുരുഷ സ്ത്രീ അവകാശികൾ അതിൽ വസിക്കുകയും ചെയ്യുമ്പോൾ സ്ത്രീ അവകാശികൾക്ക് പുരുഷ വകാശി മനസ്സായാലല്ലാതെ വസതി പങ്കിടാൻ അവകാശമില്ലായിരിയ്ക്കുന്നു. എന്നിരുന്നാലും സ്ത്രീ അവകാശികൾക്ക് അവിടെ വസിയ്ക്കുവാൻ അവകാശമുണ്ട്. (അവർ അവിവാഹിതകളോ, ഭർത്താവിൽനിന്ന് വേർപിരിഞ്ഞവരോ, വിധവകളോ എങ്കിൽമാത്രം )

ഈ വ്യവസ്ത ദുരിതങ്ങൾക്ക് കാരണമാകുന്നു എന്തെന്നാൽ പുരുഷനും സ്ത്രീയുടെ തീരുമാനങ്ങളെ എളുപ്പത്തിൽ അസാധുവാക്കുവാൻ സാധിക്കുന്നു. ബോംബെ ഹൈക്കോടതിയുടെതീരുമാനപ്രകാരം ഒരുപുരുഷ അവകാശി മാത്രമേഉള്ളുവെങ്കിൽ വിഭജനം സാധ്യമാണ്. പക്ഷെ കൽക്കട്ട,മദ്രാസ് ഹൈക്കോടതികളുടെ കാഴ്ചപ്പാട് വ്യത്യസ്തമാണ്. ഇത്തരം അഭിപ്രായങ്ങൾ ദുരിതങ്ങൾക്ക് കാരണമാവുകയും ഭരണഘടനയ്ക്ക് അനുയോജ്യമാവാതെയും വരുന്നു. കാരണം ഇത് സമത്വ ലംഘനമാണ്.

## ഏകീകൃത നീതിന്യായ വ്യവസ്ത:-

**25. ഏകീകൃത നിയമവ്യവസ്ഥയെക്കുറിച്ച് ഭരണഘടനയുടെ അഭിപ്രായമെന്താണ്?**



ഭരണഘടന ഭാഗം 44-ൽ സംസ്ഥാനങ്ങൾ ഏകീകൃതനീതിന്യായ വ്യവസ്ഥ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നു. കോടതി മുഖേന സംസ്ഥാനങ്ങളെ ഇതിലേക്ക് നിർബന്ധിക്കുക അസാധ്യവുമാണ്. ഇത് സംസ്ഥാനങ്ങളുടെ നിർദ്ദേശിത നയങ്ങൾ മാത്രമാണ്,

**26. ഏകീകൃത നിയമ വ്യവസ്ഥയെ സംബന്ധിച്ച് കോടതിയുടെ നിർദ്ദേശങ്ങളേവ?**

കുറഞ്ഞപക്ഷം അടുത്തകാലത്തുണ്ടായ രണ്ട് കേസുകളിലെങ്കിലും ഏകീകൃത നീതിന്യായ വ്യവസ്ഥയുടെ ആവശ്യകത സുപ്രീം കോടതി ഊന്നിപ്പറയുന്നു. ആദ്യകേസിൽ ഡെൽഹിഹൈക്കോടതിയുടെ വിധിക്കെതിരായി ഒരു പ്രത്യേക അനുവാദം നല്കിയ പരാതിയിൽ ഇവിടെ ഭാര്യ ക്രിസ്ത്യനും ഭർത്താവ് സിഖുകാരനുമാണ്. (ഭർത്താവ് ലൈംഗീക ശേഷിയില്ലാത്തവനായിരുന്നു) ഭാര്യ വിവാഹം അസാധുവാക്കിക്കൊണ്ടുള്ള വിധി ലഭിക്കാൻ കോടതിയെ സമീപിച്ചു. പക്ഷെ ഹൈക്കോടതി ഈ പരാതി നിരാകരിച്ചു. അപ്പീൽ പ്രത്യേക അനുവാദത്തോടെ സ്വീകരിച്ച സുപ്രീംകോടതി ഏകീകൃത നീതിവ്യവസ്ഥയുടെ ആവശ്യകതയെ ഊന്നിപറഞ്ഞു.

രണ്ടാമത്തെ കേസിൽ ക്രിമിനൽ നടപടിക്രമങ്ങൾ ഭാഗം 125 പ്രകാരം ഒരു വിവാഹ ബന്ധം വേർപെടുത്തിയ മുസ്ലിം സ്ത്രീ അവർക്ക് പുനഃർവിവാഹത്തിനു ശേഷവും മെയിൻറൻസ് (Maintance) അവകാശപ്പെടാമോയെന്ന് ആരായുകയായിരുന്നു. ഈ കേസിൽ വിധിപറയുമ്പോഴും സുപ്രീം കോടതി ദേശീയ അഖണ്ഡതയ പ്രതി ഏകീകൃത നിയമ വ്യവസ്ഥയുടെ ആവശ്യകതയ്ക്ക് ഊന്നൽ കൊടുത്തു. വ്യവസ്ഥ വിശ്വാസക്കാരായ വ്യക്തികളെ ഒരേ തട്ടിൽ അണിനിരത്താൻ ഇന്നത്തെ നിയമ വ്യവസ്ഥകൾ അപര്യാപ്തങ്ങളാണ് കോടതിക്ക് ഒരു തുടക്കം അനിവാര്യമാണെന്ന് വ്യക്തമാവുമ്പോഴെ ഭരണഘടനയ്ക്ക് അർത്ഥമുണ്ടാവുകയുള്ളൂവെന്ന് വ്യക്തിഗത നിയമങ്ങളിലെ വ്യത്യാസത്തെ നികത്താൻ ഉപയോഗിക്കുന്ന ഇത്തരം തണുപ്പൻ പരിശ്രമങ്ങൾ ഒരിക്കലും പൊതു നീതിന്യായ വ്യവസ്ഥയ്ക്ക് പകരമാവുകയില്ലായെന്നും സുപ്രീം കോടതി പറഞ്ഞു വെച്ചു.

27. ഏകീകൃത നിയമങ്ങൾ ലഭ്യമാക്കുന്നതിലേക്ക് പ്രതീക്ഷകൾ നൽകുന്ന പ്രധാന വിഷയങ്ങൾ ഏതെല്ലാമാണ്?

a) കുടുംബ നിയമങ്ങൾ, സ്വത്ത്, പൊതു കാര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ, ഏകീകൃത നിയമ വ്യവസ്ഥകൾക്ക് പ്രതീക്ഷ നിലനിൽക്കുന്നു, ഇവയെല്ലാം പാർലമെൻറിന്റെ പരിഗണനയിലുമാണ്.

b) ഏകീകൃതമായ നിയമങ്ങൾ ലഭ്യമല്ലാത്ത ഏതു കാര്യത്തിലും ഇവ ഉപകാരപ്രദമായിത്തീരും

c) കുടുംബ നിയമങ്ങളുടെ കാര്യത്തിൽ, സമുദായങ്ങൾ തമ്മിലും വ്യത്യാസങ്ങൾ നിലനിൽക്കുന്നു, കൂടാതെ ഇന്ത്യൻ പിൻതുടർച്ചാവകാശനിയമത്തിൽ പ്രസിഡൻസി സിററികളും മററ് അവികസിത പ്രദേശങ്ങളും തമ്മിലും വ്യത്യാസങ്ങൾ നിലനിൽക്കുന്നു.

d) കുടുംബ നിയമങ്ങൾ ഒഴികെ മററ് കാര്യങ്ങളിൽ പ്രത്യക്ഷമായ പ്രാദേശിക വ്യത്യാസങ്ങൾ ദർശിക്കാൻ സാധിക്കും. ഒരു ഏകീകൃത നീതി വ്യവസ്ഥ ഇത്തരം വ്യത്യാസങ്ങൾക്കും ഒരു പരിഹാരമായി ഭവിക്കും.

Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd.
Thomas John Palekkudy


പ്രസിദ്ധീകരിച്ചു!!

(സന്നദ്ധ-ഉപഭോക്തൃ സംഘടന പ്രവർത്തകർക്കൊരു ഗൈഡ്)

## "സമ്മാനം"

വില അറുപത് രൂപ.

എല്ലാ വീട്ടിലും, ലൈബ്രറിയിലും ഉണ്ടായിരിക്കേണ്ട പുസ്തകം

കോപ്പികൾക്ക് :
കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്
P.B. No. 1 പാലാ-670704



## കൺസ്യൂമർ ന്യൂസ് മാസിക

നിറയെ ഉപഭോക്തൃ-വാർത്തകൾ, വിശേഷങ്ങൾ ലേഖനങ്ങൾ, ഉപഭോക്തൃ ഫോറം വിധികൾ, അനുഭവങ്ങൾ, നിരോധിച്ച മരുന്നുകൾ...... ........................

ഒററപ്രതി-2രൂപ 50പൈസ

വാർഷിക വരിസംഖ്യ - 30രൂപ [തപാൽ ചാർജ്ജടക്കം]
അഞ്ചുവർഷത്തേക്ക് - 150രൂപ
ഇരുപത് വർഷത്തേക്ക്-300രൂപ

## കൺസ്യൂമർ സ്ററുഡൻറ്

കുട്ടികൾക്ക് കഥാരൂപത്തിൽ ഉപഭോക്തൃ സംരക്ഷണ നിയമം അറിയുവാനുള്ള ഏക മാസിക.

ഒററപ്രതി-2 രൂപ വാർഷിക വരിസംഖ്യ 24രൂപ

ഈ പ്രസിദ്ധീകരണങ്ങൾക്ക് വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ ബന്ധപ്പെടുക.

മാനേജർ
കൺസ്യൂമർ ന്യൂസ്,
P.B. No. 1 എടൂർ 670704

## കൺസ്യൂമർ ന്യൂസ് ദിനപത്രം

*എല്ലാ ദിവസവും ഉപഭോക്തൃ വാർത്തകൾ. കോടതി വിധികൾ. അറിവ് നേടും കാര്യങ്ങൾ*

ഒററപ്രതി 1 രൂപ — ഒരു മാസം 24രൂപ
മൂന്നുമാസം 72 രൂപ — ഒരു വർഷം 288രൂപ

തപാൽ ചാർജ്ജ് സൗജന്യം